**Desabhimani**

**27 August 2018**

**Idukki, Idukki Reservoir, Water Level Dropped**

## ഇടുക്കിയിൽ ജലനിരപ്പ് കുറയുന്നു

**സ്വന്തം ലേഖകൻ**

**ഇടുക്കി**

മഴ കുറഞ്ഞതോടെ ഇടുക്കി സംഭരണിയിലെ ജലനിരപ്പ് കുറയാൻ തുടങ്ങി. ഞായറാഴ്ച ജലനിരപ്പ് 2398.82 അടിയാണ്. ഒഴുകിയെത്തുന്നത് 316 ക്യുമെക്സും പുറത്തേക്ക് പോകുന്നത് 200 ക്യുമെക്സ് വെള്ളവുമാണ്. ചെറുതോണി അണക്കെട്ടിന്റെ മൂന്നു ഷട്ടറുകളും 60 സെന്റിമീറ്റർ വീതം ഇപ്പോഴും തുറന്ന നിലയിലാണ്. നേരിയ തോതിലാണ് സംഭരണിയിലെ ജലനിരപ്പ് കുറയുന്നത്. പദ്ധതി മേഖലയിൽ ഞായറാഴ്ച കാര്യമായി മഴ പെയ്തില്ല. മൂലമറ്റത്തെ വൈദ്യുതോൽപ്പാദനം 14.538 ദശലക്ഷം യൂണിറ്റാണ്. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 139.27 അടിയായി കുറഞ്ഞു. അണക്കെട്ടിലേക്ക് സെക്കൻഡിൽ 1506 ഘനയടി വെള്ളമാണ് ഒഴുകിയെത്തുന്നത്. തമിഴ്നാട് സെക്കൻഡിൽ 2206 ഘനയടി വെള്ളം കൊണ്ടുപോകുന്നു. ലോവർക്യാമ്പിലെ പവർ ഹൗസിൽ നാല് ജനറേറ്ററുകൾ പ്രവർത്തിപ്പിക്കാൻ സെക്കൻഡിൽ 1600 ഘനയടിയും ഇറച്ചൽപാലം കനാൽ വഴി 606 ഘനയടി വെള്ളവുമാണ് കൊണ്ടുപോകുന്നത്.